**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1512** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ചരക്ക് സേവന നികുതി വെട്ടിപ്പ് തടയാൻ നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. കെ. നവാസ്

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. എ. കെ. എം. അഷ്‌റഫ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന വ്യാപകമായി ചരക്ക സേവന നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

**<u>മറുപടി:</u>** സംസ്ഥാന വ്യാപകമായി ജി.എസ്.ടി. നികുതി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് അധിഷ്ഠിത വിവരശേഖരണം ശക്തിപ്പെടുത്തി, റിസ്ക് അനാലിസിസ്, BIFA, GST, PRIME തുടങ്ങിയ ഡാറ്റാ അനാലിറ്റിക്സ് സംവിധാനങ്ങളിൽ നിന്നുള്ള വിവരങ്ങളും മറ്റ് ഇന്റലിജൻസ് ഇൻപുട്ടുകളും പൊതുജന പരാതികളും അടിസ്ഥാനമാക്കി പരിശോധനകൾ, സർച്ച് നടപടികൾ, വാഹനപരിശോധനകൾ, വ്യാപാരസ്ഥാപന പരിശോധനകൾ, റിട്ടേൺ സ്ക്രൂട്ടിനി എന്നിവ നടത്തി വരുന്നു. നികുതി വെട്ടിപ്പിന് സാധ്യത കൂടുതലുള്ള മേഖലകളിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിക്കുകയും കണ്ടെത്തുന്ന കേസുകളിൽ നിയമാനുസൃതമായി നികുതി, പലിശ, പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു

**(ബി)** നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം ഇത്തരം നികുതി വെട്ടിപ്പുകൾ കണ്ടുപിടിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ പരിശോധനകളിലൂടെ വിവിധ തരത്തിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് നികുതി, പലിശ, പിഴ എന്നിവ ഈടാക്കി വരികയാണ്.

**(സി)** വിറ്റുവരവ് കുറച്ചു കാണിച്ചും ബില്ലുകൾ നൽകാതെയും നടത്തുന്ന തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വിറ്റുവരവ് കുറച്ചുകാണിക്കൽ, ബില്ലുകൾ നൽകാതെയുള്ള വ്യാപാരം, റിട്ടേൺ സമർപ്പിക്കാതിരിക്കൽ തുടങ്ങിയ നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്നതിനായി അപ്രതീക്ഷിത പരിശോധനകൾ, പൊതുജന പരാതികളുടെ അടിസ്ഥാനത്തിലുള്ള പരിശോധനകൾ, റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, അക്കൗണ്ടുകളും അനുബന്ധരേഖകളും പരിശോധിക്കൽ എന്നിവ

ശക്തിപ്പെടുത്തിവരുന്നു. ആവശ്യമെങ്കിൽ നിയമപ്രകാരമുള്ള സർച്ച് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് നികുതി, പലിശ, പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.

**(ഡി)** ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇന്റലിജൻസ് അധിഷ്ഠിത പരിശോധനകൾ ശക്തിപ്പെടുത്തുകയും ഡാറ്റാ അനാലിറ്റിക്സ്, റിയൽ-ടൈം നിരീക്ഷണ സംവിധാനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ നികുതി വെട്ടിപ്പ് നടക്കാൻ സാധ്യതയുള്ള വ്യാപാര മേഖലകളിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുകയും വിവിധ സർക്കാർ ഏജൻസികളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിച്ച് നികുതി വെട്ടിപ്പ് വേഗത്തിൽ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**